# ന്യൂസീലൻഡ് എന്ന പെണ്ണരശുനാട്

ഡോ. കെ.വി. തോമസ്
kvtthomas@gmail.com

ന്യൂസീലൻഡ് ഒരു പെണ്ണരശു നാടാണ്. പുരുഷനു തുല്യമോ അതിൽക്കവിഞ്ഞതോ ആയ അമിത പ്രാധാന്യം ജീവിതത്തിന്റെ ഏതുരംഗങ്ങളിലും സ്ത്രീകൾക്കു ലഭിക്കുന്നുണ്ട്. ലോകത്തിലാദ്യമായി സ്ത്രീകൾക്ക് വോട്ടവകാശം നൽകിയ രാജ്യമാണത്. 1893-ലാണ് ചരിത്രപ്രധാനമായ ആ തീരുമാനം. പ്രധാനമന്ത്രി പദവിയിലെത്തുന്ന ആദ്യവനിത 1997-ൽ ഭരണമേറ്റ ജെന്നി ഷിപ്ലി ആണ്. അവരെത്തുടർന്നുവന്ന ഹെലൻ ക്ലാർക്ക് ഒമ്പതു വർഷം ഭരിച്ചു. 2006-ലെ കഥയാണ് രസകരം. രാജ്യത്തെ പരമോന്നത പദവികളിൽ എല്ലാം വനിതകൾ. രാഷ്ട്രനേതാവായ ബ്രിട്ടീഷ് രാജ്ഞിക്കു പുറമേ ഗവർണർ ജനറലായ സിൽവിയ കാർട്ട്റൈറ്റ്, പ്രധാനമന്ത്രി ഹെലൻക്ലാർക്ക്, ചീഫ് ജസ്റ്റിസ് സിയാൻ ഏലിയാസ് എന്നിവർ. ഇപ്പോഴത്തെ പ്രധാനമന്ത്രിയും ഗവർണർ ജനറലും വനിതകളാണ്. 2017-ലെ തിരഞ്ഞെടുപ്പിൽ പാർലമെൻറിലെത്തിയവരിൽ 38 ശതമാനവും വനിതകളാണ്.

**പാമ്പുകളും പഴുതാരകളും കാക്കകളുമില്ലാത്ത നാടാണ് ന്യൂസീലൻഡ്. അണുഭേദനതത്ത്വം കണ്ടെത്തിയത് ന്യൂസീലൻഡുകാരനാണെങ്കിലും ഇവിടെ ഒറ്റ ആണവ നിലയങ്ങളുമില്ല**

ഈ പെൺപെരുമയ്ക്കൊത്തുപോകുന്നതാണ് മവോറികളുടെ മനുഷ്യോത്പത്തി കഥ. അവരിൽ ഒരുകൂട്ടരുടെ വിശ്വാസമനുസരിച്ച് ദൈവം ആദ്യം സൃഷ്ടിച്ചത് ഒരു സ്ത്രീയെ ആണ്. ടെയിൻ എന്ന ആ ദൈവം കളിമണ്ണു കുഴച്ച് ഒരു സ്ത്രീരൂപം ഉണ്ടാക്കി. അതിന്റെ നാസാരന്ധ്രങ്ങളിലൂടെ ജീവവായു ഊതിക്കയറ്റിയപ്പോൾ അതിന് ജീവനുണ്ടായി. അതാണ് 'ഹിനിയഹോൺ' എന്ന ആദിമസ്ത്രീ. അവരിൽനിന്നുണ്ടായതാണത്രേ മറ്റു മനുഷ്യരെല്ലാം. മനുഷ്യോത്പത്തിയെ സംബന്ധിച്ച ഈ കഥയാണ് മവോറികളുടെ പ്രസിദ്ധമായ അഭിവാദനരീതിയായ 'ഹോംഗിക്കും പിന്നിലുള്ളത്. ഇന്ത്യൻ ക്രിക്കറ്റ് ടീം ഈയിടെ ന്യൂസീലൻഡ് സന്ദർശിച്ചപ്പോൾ മവോറികൾ അവരെ നെറ്റിയോടു നെറ്റിചേർത്ത് അഭിവാദ്യം ചെയ്യുന്ന ചിത്രങ്ങൾ പത്രങ്ങളിൽ വന്നിരുന്നല്ലോ. നെറ്റിയും മൂക്കും കൂട്ടിമുട്ടിയുള്ള ഈ അഭിവാദനരീതിയാണ് 'ഹോംഗി'. കളിമൺപ്രതിമയുടെ മൂക്കിലൂടെ വായു ഊതി ആദ്യ സൃഷ്ടി നടത്തിയതിനെ അനുസ്മരിക്കുകയാണവർ.

ശുദ്ധമായ വായുവും വെള്ളവും ഭക്ഷണവും ലഭിക്കുന്ന ഈ രാജ്യത്തുള്ളവർ പൂർണ ആരോഗ്യമുള്ളവരായിരിക്കുന്നതിൽ അദ്ഭുതമില്ല. പലർക്കും ആരോഗ്യം ലേശം കൂടുതലല്ലേ എന്നു നമുക്കു സംശയം തോന്നാം. കാരണം പൊതുവേ ന്യൂസീലൻഡുകാർക്കു തടി അല്പം കൂടുതലാണ്. കുട്ടികൾക്കും നല്ല ഭാരമുള്ളതിനാൽ ആരും അവരെ എടുത്തുകൊണ്ടു നടക്കുകയില്ല. വണ്ടിയിൽവെച്ച് ഉന്തിക്കൊണ്ടുപോവുകയാണ് പതിവ്.

കായികവിദ്യകൾക്ക് വലിയ പ്രാധാന്യം കൊടുക്കുന്ന ഇന്നാട്ടുകാരുടെ ഏറ്റവും പ്രിയങ്കരമായ വിനോദം 'റഗ്ബി'യാണ്. ക്രിക്കറ്റിനാണ് രണ്ടാം സ്ഥാനം. 1832-ൽ ഹോറനേടുട്ടു ബീച്ചിൽ ക്രിക്കറ്റു കളിച്ചിരുന്നതായി രേഖയുണ്ട്. 1835-ൽ ന്യൂസീലൻഡിലെ ക്രിക്കറ്റിനെപ്പറ്റി ചാൾസ് ഡാർവിൻ എഴുതുന്നുണ്ട്. 'എച്ച്.എം.എസ്. ബീഗിൾ' എന്ന കപ്പലിൽ അദ്ദേഹം നടത്തിയ സുദീർഘമായ അന്വേഷണയാത്രയ്ക്കിടെ ന്യൂസീലൻഡിലെത്തിയപ്പോൾ ഒരു മിഷണറിയുടെ മകനും അടിമത്തത്തിൽനിന്ന് ആയിടെ മോചനം നേടിയ ഒരു കൂട്ടം മാവോറി യുവാക്കളും ചേർന്നു ക്രിക്കറ്റു കളിക്കുന്നതു കണ്ടു എന്നാണ് ഡാർവിൻ എഴുതിയിരിക്കുന്നത്.



ന്യൂസീലൻഡിന്റെ പ്രകൃതിഭംഗി

ടെസ്റ്റ്പദവി കിട്ടുന്ന അഞ്ചാം രാജ്യമാണ് ന്യൂസീലൻഡ്. 1930-ൽ ഇംഗ്ലണ്ടുമായി ക്രൈസ്റ്റ് ചർച്ചിലായിരുന്നു ആദ്യ ടെസ്റ്റ്. ആദ്യ ടെസ്റ്റ് വിജയത്തിനു 1956 വരെ കാത്തിരിക്കേണ്ടിവന്നു. ഓക്‌ലൻഡിൽ വെസ്റ്റിൻഡീസിനെതിരെയായിരുന്നു അവരുടെ ആദ്യ ജയം.

ന്യൂസീലൻഡിൽ പാമ്പുകളും പഴുതാരകളുമില്ല എന്നതുപോലെ കാക്കകളുമില്ല. എന്നാൽ, കാക്കകൾ ഇല്ലേ എന്നു ചോദിച്ചാൽ ഉണ്ട്. എന്തെന്നാൽ കാക്കകളുടെ പകരക്കാരായി ഏതാണ്ട് അതേ മുഖച്ഛായയുള്ള രണ്ടു പക്ഷികളുണ്ടിവിടെ. റൂക്കും മാഗ്പൈയും. റൂക്ക് മിക്കവാറും കറുത്തിട്ടാണ്. മാഗ്പൈയ്ക്കു കറുപ്പും വെളുപ്പും കലർന്ന നിറം. രണ്ടുപേരും വിദേശികളാണ്. റൂക്ക് ഇംഗ്ലണ്ടിൽനിന്നും മാഗ്പൈ ഓസ്ട്രേലിയയിൽനിന്നും വന്നു.

കൃഷി നശിപ്പിക്കുന്ന കീടങ്ങളെ നശിപ്പിക്കാൻ കൊണ്ടുവന്നതാണ് കക്ഷികളെ. ഇപ്പോൾ അവരെക്കൊണ്ടുള്ള ശല്യംമൂലം ജീവിക്കാൻ പറ്റാതായി. നമ്മുടെ കാക്കയെപ്പോലെ 'ഡീസൻറ'ല്ല ഇവർ. പല പക്ഷിവർഗത്തിന്റെയും വംശനാശത്തിന് ഇവർ കാരണമാകുന്നുണ്ട്. മനുഷ്യരെ ഉപദ്രവിക്കുകയും ചെയ്യും. പ്രത്യേകിച്ച് അവയുടെ പ്രജനനകാലത്ത്. അതിനാൽ ഇവറ്റയെ കൊന്നൊടുക്കുകയാണിപ്പോൾ സർക്കാർ.

അണുഭേദനതത്ത്വം കണ്ടെത്തിയ പ്രശസ്ത ശാസ്ത്രജ്ഞൻ ഏണസ്റ്റ് റഥർഫോർഡ് ന്യൂസീലൻഡുകാരനാണ്. പക്ഷേ, അദ്ദേഹത്തിന്റെ നാട്ടിൽ ഒറ്റ ആണവനിലയംപോലും ഇല്ല എന്നതാണ് ശ്രദ്ധേയമായ സംഗതി. ജലവൈദ്യുത പദ്ധതികളെയും പ്രകൃതിവാതകത്തെയും കാറ്റാടി യന്ത്രങ്ങളെയുമാണ് അവർ ഊർജത്തിനായി ആശ്രയിക്കുന്നത്. ഭൂവിസ്തൃതിയുടെ മൂന്നിലൊന്നു ഭാഗം സംരക്ഷിതവനങ്ങളായി നിലനിർത്തുന്നതിൽ ജാഗരൂകരായ ആ ജനത പ്രകൃതിയോടിണങ്ങിജീവിക്കാൻ ഇഷ്ടപ്പെടുന്നു.